ചെയ്ത് കൂട്ടിയതിനൊക്കെ
മാപ്പിരക്കണം

# മുഖ്യമന്ത്രി മാപ്പ് പറയേണ്ടത് മമ്മൂട്ടിയോടല്ല, സിദ്ധിഖിനോട്

### മുഖ്യമന്ത്രി ആരോടൊക്കെ മാപ്പിരക്കണം?

- വീണ ജോർജ്ജിനെക്കൊണ്ട് പച്ചക്കള്ളം പറയിപ്പിച്ച് കേരളമാകെ കലാപമുണ്ടാക്കി കോൺഗ്രസ്സ് ഓഫീസുകൾ അടിച്ചു തകർത്തതിന് കോൺഗ്രസ്സുകാരോട്
- കേരള സ്ത്രീകളുടെ ചാരിത്ര്യശുദ്ധിയെ ചോദ്യം ചെയ്തുകൊണ്ടുള്ള ചിന്താജറോമിന്റെ മുദ്രാവാക്യം കേൾക്കേണ്ടിവന്ന അമ്മാരോട്
- കോഴിക്കോട് ആശുപത്രിയിലെ ഐ.സി.യുവിൽ ജീവനക്കാരനായ സഖാവിനാൽ ബലാൽസംഗം ചെയ്യപ്പെട്ട പാവം സ്ത്രീയോട്
- ശസ്ത്രക്രിയ കഴിഞ്ഞ് തന്റെ വയറ്റിൽ നിക്ഷേപിച്ച കത്രികയും പേറി അഞ്ച് വർഷം നടക്കേണ്ടിവന്ന ഉഷ ജോസഫിനോട്
- നികൃഷ്ട ജീവിയെന്ന് ക്രൈസ്തവ പുരോഹിതരെയും പരനാറിയെന്ന് ബഹുമാന്യനായ ഒരു എം. പിയെയും കുലം കുത്തി എന്ന് മറ്റു പലരെയും വിളിച്ചതിന്...

അങ്ങനെ ആ പട്ടിക നീണ്ടു നീണ്ടു പോകുന്നു...




കെ. കെ. വിശ്വനാഥൻ

വയനാട് മുണ്ടക്കൈ ചൂരൽമല ടൗൺഷിപ്പ് സന്ദർശന സമയത്ത് സി.പി.എം. ജില്ലാ സെക്രട്ടറിയോട് നീരസം പ്രകടിപ്പിച്ചതുമായി ബന്ധപ്പെട്ട വിവാദത്തിൽമുഖ്യമന്ത്രി പിണറായി വിജയൻ നടൻ മമ്മൂട്ടിയോട് മാപ്പു പറഞ്ഞു. ആ സമയം കാക്കകൾ മലർന്നു പറന്നു എന്നാണ് റിപ്പോർട്ട്. ഇതിലും വലിയ അത്യാഹിതങ്ങൾ സംഭവിച്ചപ്പോൾ പോലും പാറപോലെ ഉറച്ചുനിന്ന പിണറായി മാപ്പ് പറഞ്ഞുവെന്ന് കേട്ടപ്പോൾ പലർക്കും വിശ്വസിക്കാനായില്ല. വെളുക്കാൻ തേയ്ച്ചത് പാണ്ടായി എന്നു തോന്നിയതുകൊണ്ടാകണം മമ്മൂട്ടി ജീവിതത്തിലാദ്യമായി മാപ്പ് പറയൽ എന്ന കടുത്ത സാഹസത്തിന് മുതിർന്നത്.

മമ്മൂട്ടിയുടെ ടൗൺഷിപ്പ് സന്ദർശന വേളയിൽ അദ്ദേഹത്തോടൊപ്പം നടന്നു നീങ്ങിയ ദിവ്യന്മാരിൽ പ്രമുഖനായിരുന്നു. ജില്ലാ സെക്രട്ടറി. താൻ ടൗൺഷിപ്പിന്റെ ആത്മാവും മമ്മൂട്ടി കാഴ്ചക്കാരനുമെന്ന ധാരണയുണ്ടാക്കാനിരുന്നു ജില്ലാ സെക്രട്ടറിയുടെ ശ്രമം.

ദുരന്ത സമയത്ത് ആ മനുഷ്യർക്കുവേണ്ടി സ്വയം സമർപ്പിച്ചവരിൽ സഖാക്കൾ മാത്രമായിരുന്നില്ല. കോൺഗ്രസ്സുകാരും ലീഗുകാരും സംഘികളും വിവിധ മതസംഘടനകളും മതമില്ലാത്തവരുമൊക്കെ ഉണ്ടായിരുന്നു. മനുഷ്യർക്കേവേണ്ടി മനുഷ്യർ നടത്തിയ പോരാട്ടമായിരുന്നു അത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്തവരിലും ഈ വൈവിദ്ധ്യമുണ്ട്. പക്ഷെ ടൗൺഷിപ്പിന്റെ ഉദ്ഘാടന ചടങ്ങ് ഇടതുപക്ഷത്തിന്റെ സ്പോൺസേർഡ് പരിപാടിയാക്കി മാറ്റി.

സ്വാഗത പ്രാസംഗികനായ ചീഫ് സെക്രട്ടറി ടി സിദ്ധിഖ് എം.എൽ.എ യുടെ പേര് വിളിച്ചതോടെ ഇടതു പ്രവർത്തകർ സംഘടിതമായി അദ്ദേഹത്തെ കൂകി വെളുപ്പിച്ചു. ഉന്നത നേതൃത്വം അറിഞ്ഞുകൊണ്ടുള്ള ഒരു ആസൂത്രിത പരിപാടി തന്നെയായിരുന്നു അത്. ഈ സമയം വേദിയിലുണ്ടായിരുന്ന മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാരും അതുകണ്ട് പുഞ്ചിരിയോടെ രസിക്കുകയായിരുന്നു. ഞങ്ങൾ വച്ച വീടുകൾ ഞങ്ങളുടെ നാട്ടുകാർക്ക് നല്കുന്ന ചടങ്ങിൽ നിങ്ങൾക്കെന്താ കോൺഗ്രസ്സേ എന്നതായിരുന്നു അവരുടെ മുഖങ്ങളിൽ എഴുതി വച്ചിരുന്നത്. കൂക്കിവിളി ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ അത് ആവർത്തിക്കാതിരിക്കാൻ അണികൾക്ക് നിർദ്ദേശം നൽകാൻ ബാധ്യതയുള്ളവർ നാലാംകിട രാഷ്ട്രീയക്കാരായി അധ:പതിക്കുകയായിരുന്നു. രാഷ്ട്രീയത്തിലെ സാമാന്യ മര്യാദകൾക്ക് വില കല്പിക്കാത്ത വർഗ്ഗം.





വയനാട് ദുരന്തമുണ്ടായി പാതിരാത്രി മുതൽ രക്ഷാ പ്രവർത്തനത്തിനും പുനരധിവാസത്തിനും ഉറക്കമൊഴിഞ്ഞ് നേതൃത്വം നൽകിയ ജന പ്രതിനിധിയാണ് ടി. സിദ്ധിഖ് എം.എൽ.എ. പൊതു പരിപാടിയിൽ ജന പ്രതിനിധികളെ ബോധപൂർവ്വം അധിക്ഷേപിക്കുന്ന സി.പി.എം. സംസ്കാരം ഇതാദ്യമല്ലല്ലോ വയനാട്ടുകാർ കാണുന്നത്.

തനിക്കെതിരായ കൂകലിനെ സിദ്ധിഖ് കാര്യമായെടുത്തിട്ടില്ല. മമ്മൂട്ടിക്കെതിരായി സൈബർ ആക്രമണം നടത്തിയവരും ഇതേ കൂട്ടരാണല്ലോ. കൂവലിനെക്കാൾ മാരകമാണല്ലോ സൈബർ ആക്രമണം. തന്റെ സഖാക്കൾ നടത്തിയ വിവരക്കേടിന് മമ്മൂട്ടിയോട് മാപ്പ് പറഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ ആദ്യം മാപ്പ് പറയേണ്ടത് സിദ്ധിക്കിനോടായിരുന്നു. അതിനുള്ള ഹൃദയ വിശാലതയൊന്നും അദ്ദേഹത്തിനില്ലെന്ന് അറിയാത്തവരല്ല കേരളീയർ. മമ്മൂട്ടിയോട് മാപ്പ് പറഞ്ഞത് ഗുരുതരമായ പ്രത്യാഘാതങ്ങൾ മുൻകൂട്ടി കണ്ടിട്ടാണ്. അല്ലാതെ ധാർമ്മിക ബാധ്യത കൊണ്ടൊന്നുമല്ല. ധാർമ്മികതയെന്നത്, അദ്ദേഹത്തിന്റെ നാലയലത്തുകൂടി പോകാത്ത ഒന്നാണല്ലോ.

മാപ്പുപറയാനാണെങ്കിൽ ആരോടൊക്കെ അദ്ദേഹം മാപ്പ് പറയണം? വീണ ജോർജ്ജിനെക്കൊണ്ട് പച്ചക്കള്ളം പറയിപ്പിച്ച് കേരളമാകെ കലാപമുണ്ടാക്കി കോൺഗ്രസ്സ് ഓഫീസുകൾ അടിച്ച് തകർത്തതിന് കോൺഗ്രസ്സിനോട് മാപ്പ് പറയേണ്ടേ? കേരള സ്ത്രീകളുടെ ചാരിത്ര്യശുദ്ധിയെ ചോദ്യം ചെയ്തുകൊണ്ടുള്ള ചിന്താജറോമിന്റെ മ്ലേച്ഛമായ മുദ്രാവാക്യം കേൾക്കേണ്ടിവന്ന കേരളത്തിലെ അമ്മമാരോട് മാപ്പിരക്കേണ്ടേ? കോഴിക്കോട് ആശുപത്രിയിലെ ഐ.സി.യുവിൽ ജീവനക്കാരനായ സഖാവിനാൽ ബലാൽസംഗം ചെയ്യപ്പെട്ട പാവം സ്ത്രീയോടും ശസ്ത്രക്രിയ കഴിഞ്ഞ് തന്റെ വയറ്റിൽ നിക്ഷേപിച്ച കത്രികയുമായി 5 വർഷം നടക്കേണ്ടിവന്ന ഉഷ ജോസഫിനോടുമൊക്കെ മാപ്പ് പറയണ്ടേ? നികൃഷ്ട ജീവികൾ എന്ന് ക്രൈസ്തവ പുരോഹിതരെയും പരനാറിയെന്ന് ബഹുമാന്യനായ ഒരു എം.പിയെയും കുലം കുത്തി എന്ന് മറ്റ് പലരെയും വിളിച്ചതിന് മാപ്പ് പറയേണ്ടതല്ലേ? തീരുന്നില്ല ആ പട്ടിക നീണ്ടു നീണ്ടു പോകുന്നു.